**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3457** **26-06-2024 - ൽ മറുപടിയ്ക്ക്**

**പെരിങ്ങത്തൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പെരിങ്ങത്തൂർ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചെങ്കിലും നിർമ്മാണ പ്രവൃത്തി തുടങ്ങാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പെരിങ്ങത്തൂർ വില്ലേജ് ഓഫീസിന് ഭരണാനുമതി നൽകിയതിനെത്തുടർന്ന് പ്രസ്തുത നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായി പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരികയുമാണ്. |
| (ബി) | റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 12.5 സെന്റ് സ്ഥലത്ത് പുതിയ വില്ലേജ് ഓഫീസിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത നിർമ്മാണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള നിർവഹണ ഏജൻസിയുമായി ബന്ധപ്പെട്ട പ്രാരംഭ നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർദ്ദിഷ്ട സ്ഥലത്ത് പ്രസ്തുത വില്ലേജ് ഓഫീസിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (സി) | അത്യാധുനിക സംവിധാനത്തോടെ നിർമ്മിക്കുന്ന പ്രസ്തുത സ്മാർട്ട് വില്ലേജ് ഓഫീസിന് പാർക്കിംഗ് സൗകര്യം ഉൾപ്പെടെ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടു കൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെ വച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്ക് അനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ആണ് നിർമ്മിച്ചു വരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്‌ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു.<br><br>ഇതു കൂടാതെ പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും, |

| | | | |
|---|---|---|---|
| | | | കുടിവെള്ള സൗകര്യവും, ടോയ്ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ